## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**

**03 March 2017 (03 Jamad'ul Aakhir 1438 Hijira)**

## LOVE & CONNECTION WITH ALLAH :/ സ്നേഹവും അല്ലാഹുമായുള്ള ബന്ധവും

സലാമിന് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ, തഅവ്വദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം **സ്നേഹവും അല്ലാഹുമായുള്ള ബന്ധവും** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ  നിർവ്വഹിക്കുകയുണ്ടായി.

ഒരു വിശ്വാസിക്ക് നിശ്ചയമായും അല്ലാഹുവിനോട് സ്നേഹമുണ്ടായിരിക്കണം. അവനോട് ഒരു ബന്ധവുമുണ്ടായിരിക്കണം. നിങ്ങൾക്ക് ഒരാളോട് സ്നേഹമുണ്ടെങ്കിൽ അയാൾക്കു വേണ്ടി എന്തു ചെയ്യുവാനും നിങ്ങൾ തയ്യാറായിരിക്കും. സ്നേഹമുണ്ടെങ്കിൽ അയാൾക്കു വേണ്ടി എത്ര പ്രയാസമുള്ള കാര്യമാണെങ്കിലും ചെയ്യുന്നത് എളുപ്പവുമായിരിക്കും. അതിൻഫലമായി ചിന്തിക്കാൻ പോലും കഴിയാത്ത കാര്യം ചെയ്യുന്നത് എളുപ്പവുമായിരിക്കും. അതിൻഫലമായി ചിന്തിക്കാൻ പോലും കഴിയാത്ത കാര്യം എളുപ്പം നിറവേറ്റുവാൻ കഴിയുന്നതായി തീരും. ഒരു വ്യക്തി ഒരു കാര്യം ഇഷ്ടപ്പെടുന്നവനായി തീർന്നാൽ, അത് നേടുന്നതിനായി അവന്റെ പ്രയത്നം തുടരുന്നതാണ്. ഈ കാര്യം അവൻ യഥാർത്ഥത്തിൽ ഇഷ്ടപ്പെടുന്നുവെങ്കിൽ, അവനപ്പോൾ സമയത്തെക്കുറിച്ചോ, ധനത്തെക്കുറിച്ചോ, ചിന്തിക്കില്ല. അവനെല്ലാം മറന്നു കൊണ്ട് അത് നേടുന്നതിനായി പരിശ്രമിക്കുന്നു. അവന്റെ ചുറ്റും തടസ്സങ്ങളായി ഒന്നും തന്നെ അവൻ കാണുകയില്ല. (താൻ സ്നേഹിച്ചത് നേടുക എന്നല്ലാതെ, മറ്റൊന്നും അവനെ തടസ്സപ്പെടുത്തുകയില്ല) അവന്റെ മുമ്പിൽ ഒരേ ഒരു കാര്യം മാത്രം അവശേഷിക്കുന്നു. അവൻ സ്നേഹിക്കുന്ന, കാമിക്കുന്ന (വ്യക്തി) അഥവാ സാധനം മാത്രമേ  അവന്റെ  മുമ്പിലുണ്ടായിരിക്കുകയുള്ളു.

18 വയസ്സ് പ്രായമെത്തിയ ഒരു യുവാവിന്റെ കാര്യമെടുക്കുക. (അവൻ സ്നേഹിക്കുമ്പോൾ) താൻ സ്നേഹിക്കുന്ന വ്യക്തിയെ കൂടാതെ ജീവിക്കുവാൻ കഴിയാത്ത ഒരവസ്ഥ അവന് അനുഭവ പ്പെടുന്നു. താൻ സ്നേഹിച്ച വ്യക്തിക്കു വേണ്ടി, തന്റെ കുടുംബം പോലും ഉപേക്ഷിക്കുവാൻ  തയ്യാറാകുന്നു.

അതിനവന് യാതൊരു വിഷമവും ഇല്ല. അവൻ അവന്റെ കുടുംബത്തെയും, അവന്റെ മാതാവിനെയും, അവന്റെ പിതാവിനേയും, അവന്റെ സഹോദരങ്ങളെയും, അവന്റെ ദീൻ പോലും, താൻ സ്നേഹിച്ച വസ്തുവിനു വേണ്ടി അഥവാ വ്യക്തിക്കുവേണ്ടി കയ്യൊഴിയുവാൻ തയ്യാറാകുന്നു. തികഞ്ഞ സംതൃപ്തിയോടെയും സന്തോഷത്തോടെയുമാണ് ഈ പ്രവർത്തിക്ക് അവൻ തയ്യാറാകുന്നത്. നമുക്ക് (മുസ്ലിംകൾക്ക്) അല്ലാഹുവിനോട് ഇത്തരം ഒരു അഭിനിവേശം ഉണ്ടായിരുന്നുവെങ്കിൽ, നമ്മുടെ ദീൻ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിന്, നമുക്ക് ഒരു പ്രയാസവുമുണ്ടാകുമായിരുന്നില്ല. തികഞ്ഞ സന്തോഷത്തോടെയും സംതൃപ്തിയോടെയും, നമ്മുടെ രക്ഷിതാവായ ദൈവത്തോട് നമുക്കുള്ള സ്നേഹത്തിനു വേണ്ടി, എല്ലാവിധ പീഢനങ്ങളും നാം ഏറ്റുവാങ്ങുവാൻ തയ്യാറാകുമായിരുന്നു. അപ്പോൾ ദീൻ നടപ്പിലാക്കുന്നത് എളുപ്പമായി തീരും എന്ന് മാത്രമല്ല, ആനന്ദകരവുമായിരിക്കും. അത്തരം സാത്ത്വികരായ വ്യക്തികളുടെ ജീവിത മാതൃക നമ്മുടെ മുമ്പാകെയുണ്ട് ! സർവ്വശക്തനായ അല്ലാഹുവിന്റെ പാതയിൽ, അവരുടെ മുമ്പിലുണ്ടായിരുന്ന തടസ്സങ്ങൾ എന്തു തന്നെ ആയിരുന്നെങ്കിലും, അവയെ നീക്കം ചെയ്യുന്നതിന് അവർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. ഹസ്രത് ഇബ്റാഹിം (അ) സർവ്വശക്തനായ അല്ലാഹുവിനെ പ്രാപിക്കുവാനായി തന്റെ സുഖസൗകര്യങ്ങളൊക്കെ കയ്യൊഴിയുകയുണ്ടായി. അവന്റെ സ്നേഹം നേടുന്നതിനായി, അല്ലാഹുവിനെ നേടുന്നതിനായി ! ഒരു ദിനം മണ്ണായിതീരുന്ന, നിന്ദ്യനായ ഒരാൾക്കു വേണ്ടി, ജഡമായി മാറുന്ന ഒരവനു വേണ്ടി, അവന്റെ പദവിയും, അവന്റെ സ്ഥാനവും, അവന്റെ മാന്യതയും ത്യാഗം ചെയ്യുവാൻ ഒരുവൻ തയ്യാറാണെങ്കിൽ, എന്തുകൊണ്ടാണ് മനുഷ്യരാശിക്ക് അല്ലാഹുവിനു വേണ്ടി സർവ്വതും കയ്യൊഴിയുവാൻ കഴിയാത്തത് ? **അവനോ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ് ; എല്ലാത്തിനെയും നിലനിർത്തുന്നവനുമാണ്. അവന്റെ നിലനില്പിന് ഒരാരംഭമോ ഒരവസാനമോ ഇല്ല തന്നെ ! എല്ലാം സമയത്തും നമുക്കുവേണ്ടിയുള്ളവനാണവൻ!** നമുക്ക് ആവശ്യമുള്ളതെല്ലാം അവൻ തന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ബുദ്ധിമാന്മാരായ ആളുകൾ അവരുടെ എല്ലാ ഊർജ്ജവും, എല്ലാധനവും, അവർക്കുള്ളതെല്ലാം സർവ്വശക്തനായ അല്ലാഹുവിന്റെ സന്തോഷത്തിനായി അവന്റെ മാർഗത്തിൽ ചെലവഴിച്ചു കൊണ്ടിരിക്കുന്നത്.

സർവ്വശക്തനായ ദൈവത്തിന്റെ സന്തോഷം ദീനിലാണ് കുടികൊള്ളുന്നത് ; അതായത് നമ്മുടെ ജീവിതം പരമോന്നതനായ അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായി നയിക്കുക ! ഹസ്രത് മുഹമ്മദ് (സ) യുടെ, നമ്മുടെ പ്രിയ പ്രവാചകൻ (സ) യുടെ ജീവിതമാതൃക പിന്തുടരുക. ജീവിതത്തിലെ അനേകം കാര്യങ്ങൾ ആർജ്ജിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായി മുന്നിൽ വരാവുന്നതാണ്. എന്നാൽ അവ എളുപ്പവും വളരെ സന്തോഷദായകവുമായി മാറാവുന്നതാണ്. നിങ്ങളൊരാളെ ആത്മാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ, അവനുവേണ്ടി അഥവാ അവൾക്കുവേണ്ടി രാത്രിയിൽ ഉറക്കമിളച്ചിരിക്കുന്നത് നിങ്ങൾക്ക് പ്രയാസകരമായി തോന്നുമോ ?

യുവജനങ്ങൾ ഇന്ന് അവരുടെ രാത്രികൾ സന്തോഷലഹരികളിൽ തിമിർത്താടുകയാണ്. കാരണം അവർ സ്നേഹിക്കുന്നവരുടെ സംതൃപ്തിക്കും ആശംസകൾക്കും വേണ്ടി ! **സർവ്വശക്തനായ അല്ലാഹുവിനെ സ്നേഹിക്കുന്നവനെ സംബന്ധിച്ചിടത്തോളം**, തന്റെ രക്ഷിതാവിന്റെ പ്രീതിക്കായി അർത്ഥ രാത്രിയിൽ ഉണരുന്നത് പ്രയാസമുളള കാര്യമേയല്ല ! തന്റെ രക്ഷിതാവിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമം നടത്തുമ്പോൾ അവനനുഭവിക്കുന്ന ഹൃദയവികാരങ്ങൾ വർണ്ണനാതീതമാണ്. അതിലൂടെ അവൻ സ്വായത്തമാക്കുന്നത് അമൂല്യമായ അനുഭൂതിയാണ്. അപ്പോൾ അവൻ യഥാർത്ഥത്തിൽ നേടുന്നതെന്താണ് ? ഇതറിയുന്നതിന്, ഏറ്റവും ലളിതമായ ഒരുവഴി, നിങ്ങൾ സ്വയം ഈ പരീക്ഷണം നടത്തുക. അവനെ യാഥാർത്തിൽ അനുഭവിച്ചറിയുന്നതിന്റെ ഒരു ആശയം നിങ്ങൾക്കു ലഭിക്കുന്നതാണ്. ദൈവത്തിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം വിവരണാതീതമായ ഒരനുഭൂതി ആയിരിക്കും !

**ആയതിനാൽ നിങ്ങൾ ഈ പ്രാർത്ഥന ചെയ്യു ! അല്ലയോ ! ദൈവമെ ! നിന്റെ സ്നേഹം എനിക്ക് നല്കിയാലും ! നിന്നെ സ്നേഹിക്കുവാൻ ആരുടെ സ്നേഹമാണോ എനിക്ക് പ്രയോജനമുളളത്, അവന്റെ സ്നേഹവും നല്കിയാലും ! പ്രാർത്ഥന സ്വീകരിക്കേണമെ ! ഈ സൗഹൃദം നേടുവാൻ, നിങ്ങൾക്ക് സർവ്വശക്തനായ അല്ലാഹുമായി ശക്തമായ ഈ ബന്ധമുണ്ടായിരിക്കണം.** ഈ ബന്ധം നിങ്ങളെ ബോധ്യപ്പെടുത്തുവാൻ ഞാനിതു കൂടി പറയട്ടെ! **നിങ്ങളുടെ പ്രേമഭാജനവുമായുള്ള ബന്ധം സത്യത്തിൽ അസാധാരണമായ സന്തോഷം നല്കുന്ന ഉറവിടം തന്നെയാണ്.** ഓരോരുത്തരും അത്തരം ഒരു ബന്ധമുണ്ടാക്കുവാൻ ആഗ്രഹിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിന്, ഒരുമടിയുമില്ലാതെ എന്തു ചെലവഴിക്കുവാനും തയ്യാറുമാണ്. പത്രങ്ങളിൽ ചിലപ്പോൾ വാർത്തകൾ നിങ്ങൾക്കുവായിക്കാം.

നിങ്ങളുടെ സ്റ്റാറുകളുമായി നേരിൽകാണുവാൻ സുവർണ്ണാവസരം ഒരുക്കുന്നു. അഥവാ ഒരേ വേദിയിൽ ഒരേ രംഗത്ത് നില്ക്കുവാനുള്ള അവസരം ഒരുക്കുന്നു. ഈ വാഗ്ദാനം ഒരു വെറും വാഗ്ദാനമായിരിക്കില്ല, ഈ അവസരം ലഭ്യമാക്കുവാനും പണം മുടക്കേണ്ടിവരും. അതിനായി 10000 രൂപാ മുതൽ 25000 രൂപ വരെ ചെലവഴിക്കേണ്ടി വരും. ഇത് സാമാന്യം ഉയർന്നതും ഒരേ നിലയിൽ നില്ക്കുന്ന തുകയുമായിരിക്കും. ഈ ഉയർന്ന തുക ജനങ്ങൾ അവിടെ പോകുന്നതിൽനിന്നും അവരെ തടയുന്നില്ല. ഇത്തരം സ്റ്റാറുകളെ കാണുന്നതിന് താത്പര്യമുള്ളവരെ സംബന്ധിച്ചടത്തോളം ഈ വലിയ തുക കൊടുത്ത് ടിക്കറ്റെടുത്തുപോകുവാൻ തയ്യാറാണ്. ടിക്കറ്റ് തീർന്നുപോയാൽ, ആവശ്യം കണക്കിലെടുത്തു ടിക്കറ്റു വില ഉയർത്തി, പ്രവേശനം അനുവദിക്കലുമുണ്ട്. ഇത്തരം ആളുകൾ അത്തരം സന്ദർഭങ്ങളിലെ പണത്തെക്കുറിച്ച് ചിന്തിക്കാറില്ല. മറിച്ച്, ഇത്തരം സന്ദർഭങ്ങളെ ഒരു വലിയ അവസരമായി കണക്കാക്കുകയാണ് ചെയ്യുന്നത്. **എന്നിട്ട് അവരുടെ ഇഷ്ടതാരത്തെ ഒററയ്ക്കോ കൂട്ടായോ കാണുവാനുള്ള സുവർണ്ണവസരത്തെ പ്രയോജനപ്പെടുത്തുന്നു.** അവന്റെ സ്റ്റാറിനോടുള്ള ആദരവ് പിടിച്ചുപറ്റുന്നത്, അല്ലാഹു (ത)വ്യക്തിയിൽ സൃഷ്ടിച്ചിരിക്കുന്ന ചില കഴിവുകൾകൊണ്ടാണ്. നമ്മളിൽ ആർക്കുവേണമെങ്കിലും, നമുക്കാവശ്യമുണ്ടെങ്കിൽ, നമ്മുടെ പ്രകടനത്തിലൂടെ, കഴിവുകളിലൂടെ, വ്യക്തിത്വത്തിലൂടെ നമുക്ക് അത് നേടാവുന്നതാണ്. എന്നാൽ ഒരു കാര്യം നാം വിസ്മരിക്കരുത്, ഈ കഴിവുകളൊക്കെ നമ്മിലുണ്ടായിരിക്കെ, സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ, നാം സത്യത്തിൽ ദുഃഖാർത്തനായ യാചകനാണ്. സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്റെ ഔദാര്യത്താലും കാരുണ്യത്താലും മാത്രമാണ് നാം ജീവിക്കുന്നത്

ഈ യാചകൻ (നിങ്ങൾക്ക് പ്രിയപ്പെട്ട ഈ സ്റ്റാറിന്റെ കാര്യത്തിൽ) ആയിരക്കണക്കിനാളുകളുടെ ഹൃദയങ്ങളെ ആകർഷിക്കുവാനും കീഴ്പ്പെടുത്തുവാനുമുള്ള കഴിവുണ്ടെങ്കിൽ, ഇത് നമുക്ക് ചിന്തിക്കുവാൻ ഒരവസരം നല്കുന്നു. അതായത് സർവ്വശക്തനായ അല്ലാഹുവിന്റെ മഹത്വത്തിൽ നിന്ന്, വളരെകുറച്ച് ഒരംശം ലഭ്യമായപ്പോൾ, ഇത്രയും ആകർഷണിയത ഉണ്ടായെങ്കിൽ അല്ലാഹുവിന്റെ മഹത്വം എത്രവലുതായിരിക്കും ! **അവനിലുള്ള ആകർഷണം എത്ര വലുതായിരിക്കണം !**

പരമോന്നതനായ അല്ലാഹു, അവൻ മാത്രമാണ്, നമ്മെ അത്ഭുതപ്പെടുത്തുന്ന സൗന്ദര്യത്തിന്റെയും, ധനത്തിന്റെയും, കഴിവുകളുടെയും മറ്റെല്ലാത്തിന്റെയും ഉറവിടം ! ഒരു വസ്തുവിലുള്ള സൗന്ദര്യം നാം നോക്കി തിരിച്ചറിയുന്നത്, നമ്മുടെ ഭൗതിക കണ്ണുകൾ കൊണ്ടാണ്, പ്രസ്തുത കണ്ണുകൾ തലയുമായി ബന്ധിതമാണ്. ഇത്തരത്തിൽ തിരിച്ചറിയുന്നതിന് ബസ്ഖാറ : എന്നു പറയുന്നു. ഈ കഴിവ് ഓരോത്തർക്കുമുണ്ട്, അതുകൊണ്ടാണ് സുന്ദരമായ ആ വസ്തുവിനെ നാം അംഗീകരിക്കുന്നതും ആദരിക്കുന്നതും ! ഒരു സൗന്ദര്യത്തെ നാം കാണുമ്പോൾ അത്ഭുതപ്പെടുകയും ആകർഷിക്കപ്പെടുകയും ചെയ്യുന്നതിനുള്ള ഈ കഴിവ് ഓരോ വ്യക്തിയിലും ഉണ്ട്. എന്നാൽ നമ്മിൽ വളരെയധികം ആളുകൾക്കും ഒരു കാര്യം ഒരു കഴിവ് / ഒരു നിപുണതയുടെ അഭാവമുണ്ട്. അതിന് ബസ വിറ : യുടെ അഭാവം എന്നാണ് പറയുന്നത് അതായത് ഹൃദയത്തിന്റെ കണ്ണുകൾ (മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഹൃദയകണ്ണുകൊണ്ട് കാണുവാനുള്ള കഴിവ്)

ദീനിന്റെ സൗന്ദര്യം, വില, പ്രയോജനം ഇവ ആസ്വദിക്കുവാനും പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാനും ഹൃദയ കണ്ണുകളുടെ ആവശ്യകതയുണ്ട്. അതിന് നാം പറയുന്നത് ബസ് വിറ : എന്ന വാക്കാണ്. ഈ ബസ്വീറ : അത് നമ്മെ അനുവദിക്കുന്നു / അനുഭവിച്ചറിയിക്കുന്നു / കാണിക്കുന്നു / പരമോന്നതനായ അല്ലാഹുവിന്റെ മഹത്വത്തെ ! മനുഷ്യർക്ക് ഈ കണ്ണുകൾ നല്കിയിട്ടുണ്ടെങ്കിലു അവ അന്ധമാണ്. **ഹൃദയത്തിന്റെ കണ്ണുകളുടെ പ്രവർത്തന അഭാവത്താലാണ് നാം എല്ലാ ഭൗതിക ആകർഷക സാധനങ്ങളുടെയും പുറകിൽ പോകുന്നത്.** തത്ഫലമായി, പരമോന്നതനായ അല്ലാഹുമായി ഇത്തരം വ്യക്തികൾക്ക് ബന്ധപ്പെടുവാൻ പ്രയാസമാണ്. ആയതിനാൽ ഇത് വളരെ അത്യാവശ്യമായിരിക്കുന്നു □; അഥവാ ഒഴിച്ചുകുടാൻ കഴിയാത്തതായി മാറിയിരിക്കുന്നു. **അതായത് നമ്മുടെ ഉള്ളിലുള്ള ബസ്വീറ : യെ വളർത്തി വലുതാക്കേണ്ടതാണ്.** ഇത് (മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഹൃദയത്തിന്റെ കണ്ണുകൾകൊണ്ട് കാണുവാനുള്ള കഴിവ്) വളർത്തണം, അതിനുള്ള ഒരു വഴി, സർവ്വശക്തനായ അല്ലാഹുമായി സദാ ബന്ധമുള്ള ഒരാളുമായി കൂടി ചേർന്ന് കഴിയുക

## സർവ്വശക്തനായ അല്ലാഹുമായി ബന്ധം ലഭിച്ചിട്ടുള്ള ഒരാൾ യഥാർത്ഥത്തിൽ എന്താണ് അനുഭവിച്ചറിയുന്നത് ?

നല്ലനിലയിലുള്ള ഒരു ബോധം, ഒരു സംതൃപ്തി ഒരു വ്യക്തി അനുഭവിച്ചറിയുവാൻ തുടങ്ങുന്നു. അവൻ സ്നേഹിക്കുന്ന ഒരാളിന്റെ സ്നേഹവലയത്തിലാകുമ്പോൾ ; ആ സ്നേഹം അഗാധ സ്നേഹമായിരിക്കണം. അങ്ങനെയുള്ള ഒരാൾക്ക് ഒരാശയം ലഭിക്കും, അതായത് സർവ്വശക്തനായ അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്നതിലൂടെ എന്തും അവന് അനുഭവിച്ചറിയുവാൻ സാധിക്കുമെന്ന് ! ഈ ബന്ധം (അല്ലാഹുമായി) താരതമ്യപ്പെടുത്തുവാൻ കഴിയുന്നതല്ല ; മറ്റു വസ്തുക്കളുമായി മത്സരിപ്പിക്കാവുന്നതുമല്ല. **ഇത് നന്നായി അറിയണമെങ്കിൽ, അല്ലാഹുമായി ആ ബന്ധത്തിൽ നാം ജീവിക്കണം.** എല്ലാ സൗന്ദര്യവും എല്ലാ കഴിവുകളും ഒരു കാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചാലും, പരമോന്നതനായ അല്ലാഹുവിന്റെ കാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചാലും. **പരമോന്നതനായ അല്ലാഹുവിന്റെ മുമ്പിൽ ഒന്നുമല്ല. സർവ്വശക്തനായ അല്ലാഹുമായുള്ള ബന്ധം, നിശ്ചയമായും, താത്കാലികമായ ഇഹലോകത്ത് ബന്ധപ്പെട്ടു നില്ക്കുന്ന മറ്റെല്ലാ ആകർഷക വസ്തുക്കളെയും അപ്രസക്തമാക്കുന്നതാണ്.**

നിങ്ങൾ ഒരോത്തർക്കും ഈ പ്രസംഗം ഗ്രഹിക്കുവാനുള്ള തൗഫീഖ് അല്ലാഹു (ത) നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നാമൊരുമിച്ച്, കഠിനശ്രമം തുടരേണ്ടതുണ്ട്. സർവ്വശക്തനായ അല്ലാഹുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളവരോടൊപ്പം കഴിയുവാൻ ! അതിലൂടെ നമുക്ക് ഈ സ്നേഹം ലഭ്യമാകുന്നതാണ് ; നമ്മുടെ രക്ഷിതാവുമായി ബന്ധം സ്ഥാപിക്കുവാൻ !

ഇൻശാ അല്ലാഹ് ! ആമീൻ

Translated by:
R. Jamaludin Raother
Amir Jamaat Ul Sahih Al Islam
South Zone, Kerala,
Ph : 9447001832, 0475-2220223
E-mail : jamal.raother@gmail.com
Web: www.jamaat-ul-sahih-al-islam.com